# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 10,000/- രൂപയിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

============================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

ജി.ഒ. (കൈ) നമ്പർ : **314/2018/റവ.** തിരുവനന്തപുരം, തീയതി, 24/08/2018

പരാമർശം:- 1. സ.ഉ (കൈ) നം. 13/2018/ദു.നി.വ. തീയതി 16/08/2018

2. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 24/08/2018-ലെ DM/2018/SDM4 നം. കത്ത്.

## ഉത്തരവ്

സൂചന (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിന് ഉത്തരവാകുകയും ചെയ്തു. 14 ജില്ലകളിലുമായി 3,91,494 കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഓരോ കുടുംബത്തിനും 6,200/- രൂപ നിരക്കിൽ 242.73 കോടി രൂപ ആവശ്യമുണ്ടെന്ന് സൂചന (2) പ്രകാരം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി അറിയിച്ചു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന രീതിയിൽ 14 ജില്ലകളിലെ 3,91,494 കുടുംബങ്ങൾക്ക് ആകെ 242.73 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജില്ല | കുടുംബങ്ങളുടെ എണ്ണം | CMDRF-ൽ നിന്നും 6,200/- രൂപ നിരക്കിൽ ആകെ തുക (കോടിയിൽ) |
|---|---|---|
| തിരുവനന്തപുരം | 356 | 0.22 |
| കൊല്ലം | 3998 | 2.48 |
| പത്തനംതിട്ട | 33841 | 20.98 |
| ആലപ്പുഴ | 76610 | 47.5 |
| കോട്ടയം | 40120 | 24.87 |
| ഇടുക്കി | 10630 | 6.59 |
| എറണാകുളം | 158835 | 98.48 |
| തൃശ്ശൂർ | 52167 | 32.34 |
| പാലക്കാട് | 626 | 0.39 |
| മലപ്പുറം | 6918 | 4.29 |

| | | |
|---|---|---|
| കാഴിക്കോട് | 468 | 0.29 |
| വയനാട് | 6792 | 4.21 |
| കണ്ണൂർ | 120 | 0.07 |
| കാസറഗോഡ് | 13 | 0.01 |
| ആകെ | 3,91,494 | 242.73 |

2. വിതരണത്തിനാവശ്യമായിവരുന്ന 242.73 കോടി രൂപ (ഇരുന്നൂറ്റിനാൽപത്തിരണ്ട് കോടി എഴുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർമാർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്. കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- റവന്യൂ (ദുരന്ത നിവാരണ വകുപ്പ്/ഡി.ആർ.എഫ് എ/ഡി.ആർ.എഫ് ബി വകുപ്പുകൾക്ക്)

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.